# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അദ്ധ്യാപകവിഭാഗം - ഹിന്ദി വിഷയത്തിലെ സ്ഥലംമാറ്റം - 2015 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ എ.4/19535/2015/കോ.വി.വ. തീയതി: 10/06/2015

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. ഈ ഓഫീസിലെ 28.05.2015-ലെ A4/2303/15/കോ.വി.വ. നമ്പർ ഉത്തരവ്.

2. ശ്രീ.സുജിത്ത് എൻ. തമ്പി, അസി. പ്രൊഫസർ, ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരിയുടെ അപേക്ഷ.

## ഉത്തരവ്

പരാമർശം (2) പ്രകാരം സർക്കാർ ബ്രണ്ണൻ കോളേജ്, തലശ്ശേരിയിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. സുജിത്ത് എൻ. തമ്പി അദ്ദേഹത്തിന് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കോഴിക്കോടിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. സുജിത്ത് എൻ. തമ്പിയുടെ അപേക്ഷ പരിഗണിച്ച് കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഡോ. എ.കെ. ബിന്ദുവിന് പരാമർശം (1) പ്രകാരം സ്ഥലംമാറ്റം അനുവദിച്ചത് മൂലം ഉണ്ടായ ഒഴിവിൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

സ്ഥലം മാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപകൻ സ്ഥലംമാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്തതു സംബന്ധിച്ച റിപ്പോർട്ട് ടി കോളേജിലെ പ്രിൻസിപ്പാൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി അദ്ധ്യാപകന് 'ജോയിനിംഗ് ടൈമിന്' അർഹത ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
പി. ജയരാജ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്:

1. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ/ അദ്ധ്യാപകൻ /അക്കൗണ്ടന്റ് ജനറൽ, കേരള,
3. നടപ്പ് ഫയൽ/കരുതൽ ഫയൽ

/അംഗീകാരത്തോടെ/

ടി.പി. 9.6.2015

സൂപ്രണ്ട്